**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **19-01-2021 - ൽ മറുപടിയ്ക്ക്**

**പഴം-പച്ചക്കറികൾക്ക് ഏർപ്പെടുത്തിയ തറവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് പതിനാറ് ഇനം പഴം-പച്ചക്കറികൾക്ക് തറവില ഏർപ്പെടുത്തി വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; ഏതൊക്കെ ഇനങ്ങൾക്കാണ് ഇപ്രകാരം തറവില നിശ്ചയിച്ചിട്ടുള്ളത്; | (എ) | പതിനാറ് ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാന വില ഏർപ്പെടുത്തി "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ 26.10.2020 ന് G.O.(MS)No.80/2020/Agri പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. മരച്ചീനി, നേന്ത്രൻ & വയനാടൻ നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്ക് അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ സർക്കാർ പ്രഖ്യാപിച്ച തറവിലയ്ക്ക് നിയമസാധുതയുണ്ടോ; ഇല്ലെങ്കിൽ അതിന് നിയമസാധുത നൽകുന്നതിന് ആലോചിക്കുമോ; | (ബി) | സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തറവില പ്രഖ്യാപിച്ചത്. ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയതല്ല. നിയമസാധുത നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | തറവില നിശ്ചയിച്ച് വിജ്ഞാപനം ഇറക്കിയ ഏത്തക്ക ഉൾപ്പെടെയുള്ള പല പച്ചക്കറികൾക്കും സർക്കാർ നിശ്ചയിച്ച നിരക്കിനെക്കാൾ കുറഞ്ഞ നിരക്കാണ് കമ്പോളത്തിൽ ലഭിക്കുന്നത് എന്നത് വസ്തുതയാണോ; | (സി) | 2020 ഒക്ടോബർ മാസം 26 നാണ് അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിൽ വന്നത്. 2021 ജനുവരി 12 വരെയുള്ള അടിസ്ഥാന വില പ്രഖ്യാപിച്ച വിളകളുടെ വില നിലവാരം (സംസ്ഥാനതല, മാസ ശരാശരി നിരക്കുകൾ) പരിശോധിച്ചതിൽ നിന്നും നേന്ത്രൻ, വയനാടൻ നേന്ത്രൻ, എന്നിവയുടെ വില മാത്രമാണ് അടിസ്ഥാനവില വിലയേക്കാൾ കുറഞ്ഞിട്ടുള്ളത്. അടിസ്ഥാന വിലയേക്കാൾ കുറഞ്ഞ വിലയുള്ള പ്രദേശങ്ങളിൽ കൃഷിക്കാർകൊണ്ട് വരുന്ന ഉൽപ്പന്നങ്ങൾ ആ പ്രദേശത്ത് ചുമതലപ്പെടുത്തിയിട്ടുള്ള വിപണികൾ വഴി സംഭരണം നടത്തി സർക്കാർ പ്രഖ്യാപിച്ച അടിസ്ഥാന വില ഉറപ്പാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ നിശ്ചയിച്ച വിലയിൽ നിന്നും കമ്പോളത്തിൽ വില കുറയുമ്പോൾ തറവില നൽകി അത് സംഭരിക്കുന്നതിന് സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, ഇക്കോഷോപ്പുകൾ, A-grade ക്ലസ്റ്റർ മാർക്കറ്റുകൾ തുടങ്ങിയ 550 മാർക്കറ്റുകൾ മുഖേന അടിസ്ഥാന വില പ്രഖ്യാപിച്ച വിളകൾ ശേഖരിച്ചുവരുന്നു. അടിസ്ഥാന വിലയേക്കാൾ വിപണി വില താഴ്ന്ന സാഹചര്യത്തിൽ ജില്ല പ്രൈസസ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശപ്രകാരം കൃഷി ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംഭരണം തുടങ്ങുന്നു. AIMS പോർട്ടൽ വഴി രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർക്ക് അടിസ്ഥാന വിലയും വിപണിവിലയും തമ്മിലുള്ള വില വ്യത്യാസം ബാങ്ക് അക്കൗണ്ട് മുഖേന ലഭിക്കുന്നതാണ്. |
| (ഇ) | ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിന് പുറമെ കൂടുതൽ വിളകൾക്ക് തറവില നൽകുവാൻ ആലോചിക്കുന്നുണ്ടോ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ? | (ഇ) | പുതിയ വിളകൾ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് പുതിയ വിളകൾ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ